**File No.TCPCTP/428/2019-C3**

**<u>മുഖ്യനഗരാസൂത്രകന്റെ നടപടികമം</u>**

**<u>തിരുവനന്തപുരം</u>**

വിഷയം :- നഗരഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം -കോട്ടയം ജില്ല - കോരുത്തോട് ഗ്രാമപഞ്ചായത്ത് കോരുത്തോട് വില്ലേജ് - പെട്രോൾ പമ്പ് നിർമ്മാണം- ലേ - ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കോരുത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25/01/2019 ലെ എ 3- 3918/2018 നമ്പർ കത്ത്.

2. കോട്ടയം ടൗൺ പ്ലാനറുടെ 12/02/2019 ലെ സി/168/2019 ഡി.ഡിസ്. നമ്പർ കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ്. നം. **TCPCTP/428/2019 - C3** തീയതി: **22/03/2019**

---

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കോരുത്തോട് വില്ലേജിൽ റീ സർവ്വേ നമ്പർ 461/1, 461/6/2-ൽ പ്പെട്ട 3643 ച.മീറ്റർ സ്ഥലത്തുനിന്നും 912 ച.മീ. സ്ഥലം ലീസിനെടുത്ത് 22.95 ച.മീ. സെയിൽസ് ബിൽഡിംഗ്, 140 ച.മീറ്റർ കനോപ്പി ഉൾപ്പെടെ പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. ലിസി സെബാസ്റ്റ്യൻ, പുരയിടത്തിൽ വീട്, കോരുത്തോടി - ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി /ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ. 2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011 -നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി

വാങ്ങിയിരിക്കണം.

6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം., അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. മുണ്ടക്കയം - കുഴിമാവ് റോഡുമായി ബന്ധപ്പെട്ട PWD എഞ്ചിനീയറുടെ NOC ലഭ്യമാക്കണം.
8. കെ.പി.ബി.ആർ. ചട്ടം 61 (9) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
9. കെ.പി.ബി.ആർ 61 (16), (17) പ്രകാരമുള്ള സജ്ജീകരണങ്ങൾ നൽകേണ്ടതാണ്
10. കെ.പി.ബി.ആർ. ചട്ടം 26 (3) പ്രകാരം ടി സ്ഥലത്ത് പ്രസ്തുത നിർമ്മാണം സുരക്ഷാഭീഷണി ഉണ്ടാക്കുന്നില്ലായെന്നും നിർമ്മാണത്തിന്റെ Structural Stability ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
11. നിർമാണാനുമതി നല്കുന്നതിനുമുമ്പ് ജില്ലാ കളക്ടറുടെ അനുമതി ഉറപ്പാക്കിയിരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **28/2019** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം,

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
കോരുത്തോട് ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ശ്രീമതി. ലിസി സെബാസ്റ്റ്യൻ, പുരയിടത്തിൽ വീട്, കോരുത്തോട്, കോട്ടയം
2. ടൗൺ പ്ലാനർ, കോട്ടയം.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം